ക്കിയ ഒരു പദ്ധതിയാണിത്. അഞ്ചുവർഷംകൊണ്ട് 280 ഹെക്ടർ പ്രദേശത്ത് പൂർത്തിയാക്കാൻ ലക്ഷ്യമിട്ടിട്ടുള്ളതും 421.5 ലക്ഷം രൂപ ചെലവു പ്രതീക്ഷിക്കുന്നതുമായ ഈ പദ്ധതി കേന്ദ്രസഹായത്തിനുവേണ്ടിയുള്ള പരിഗണനയിലാണ്.

4. വനസ്പതിവനം

വയനാട്, കണ്ണൂർ ജില്ലകളിലെ ഗിരിവർഗ്ഗപ്രദേശങ്ങൾ ഉൾപ്പെടെയുള്ള പ്രക്ഷീണവനപ്രദേശത്ത് ഔഷധച്ചെടികളും വൃക്ഷങ്ങളും വച്ചുപിടിപ്പിച്ച് പരിപാലിക്കാനുള്ള ഒരു പദ്ധതിയാണിത്. അഞ്ചുവർഷം കൊണ്ട് 1338 ഹെക്ടർ പ്രദേശത്ത് ഔഷധസസ്യങ്ങൾ വച്ചുപിടിപ്പിക്കുന്നതിന് 625 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്നു. പദ്ധതി കേന്ദ്രസഹായത്തിനായി സമർപ്പിച്ചിരിക്കുകയാണ്.

5. ഔഷധസസ്യ കൃഷിക്കുള്ള പദ്ധതി:

ഇടുക്കിജില്ലയിൽ 200 ഹെക്ടർ സ്ഥലത്ത് ഔഷധകൃഷി നടത്തുന്നതിനുള്ള പദ്ധതിയാണിത്. അഞ്ചുവർഷത്തേക്ക് 150 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്നു.

(സി) വനം വകുപ്പിന് പദ്ധതി ഇല്ല.

കർഷക രക്ഷ ഇൻഷ്വറൻസ്

25 (*235)ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കർഷകരക്ഷാ ഇൻഷ്വറൻസ് എന്നാണ് ആരംഭിച്ചത്;

(ബി) ഏത് ഇൻഷ്വറൻസ് കമ്പനിയുമായി ചേർന്നാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്;

(സി) കർഷകർക്കുള്ള വിഹിതമായ 10 ലക്ഷം രൂപ ഇൻഷ്വറൻസ് കമ്പനിക്ക് എന്നാണ് നൽകിയത്;

(ഡി) പ്രസ്തുത പദ്ധതി ആരംഭിക്കുമ്പോൾ എത്ര സെന്റ് ഭൂമി വരെയുള്ള കർഷകരെയാണ് ഇതിൽ ഉൾപ്പെടുത്തിയത്; ഇതിൻപ്രകാരം ഈ പദ്ധതിയിൽ എത്രപേർ ചേർന്നിട്ടുണ്ട്;

(ഇ) 1999-ഡിസംബർവരെയും 2000-മാർച്ച് വരെയും എത്രപേരെ ഈ പദ്ധതിയിൽ ചേർത്തു എന്നു വ്യക്തമാക്കാമോ;

(എഫ്) ഈ പദ്ധതിപ്രകാരം എത്ര കർഷകർക്ക് ഇതുവരെ സഹായം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) :

(എ) 2.10.1999.

(ബി) ദേശസാൽകൃത ഇൻഷ്വറൻസ് കമ്പനികളുടെ നിർദ്ദേശങ്ങൾ കാർഷികോല്പാദന കമ്മീഷണർ പരിശോധിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ ന്യൂ ഇന്ത്യാ ഇൻഷ്വറൻസ് കമ്പനിയെ ഈ ചുമതല ഏൽപ്പിക്കുകയും ചെയ്തു.

(സി) 7.8.1999.

LIBRARY ARCHIVES Kerala Legislative Assembly

(ഡി&ഇ) 25 സെന്റ് മുതൽ 5 ഏക്കർ വരെ ഭൂമി കൈവശമുള്ള കർഷക കുടുംബത്തിൽനിന്നും ഒരു കർഷകനെയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നത്. കർഷകർ ഇപ്പോഴും ചേർന്നുകൊണ്ടിരിക്കുകയാണ്. അവസാന കണക്കുകൾ കൃഷിഭവനുകളിൽനിന്നും ശേഖരിച്ചുവരുന്നു.

(എഫ്) 38 പേർക്കു സഹായധനം നൽകിക്കഴിഞ്ഞു. കഴിഞ്ഞ മാസത്തെ കണക്കുകൾ അനുസരിച്ച് 63 അപേക്ഷകൾ സഹായധനം നൽകുന്നതിനുള്ള വിവിധ ഘട്ടങ്ങളായിട്ടുണ്ട്.12 അപേക്ഷകളിൽ കൂടുതൽ വിവരങ്ങൾ ആവശ്യപ്പെട്ടിരിക്കുകയാണ്.

നികുതി വരുമാനത്തിൽ വന്ന കുറവ്

26 (*236)ശ്രീ. കെ.എം. മാണി :
ശ്രീ. കെ. നാരായണക്കുറുപ്പ് :
ശ്രീ. സി.എഫ്. തോമസ് :
ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. മാമ്മൻ മത്തായി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സാമ്പത്തികവർഷത്തിൽ ലക്ഷ്യമിട്ടിരുന്ന നികുതി വരുമാനം എത്രയായിരുന്നുവെന്ന് വെളിപ്പെടുത്തുമോ;

(ബി) ലക്ഷ്യമിട്ട നികുതി വരുമാനത്തിൽ വൻകുറവ് ഉണ്ടായിട്ടുണ്ടെന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്തു കുറവാണുണ്ടായിട്ടുള്ളത്;

(സി) 1997-98, 1998-99 സാമ്പത്തികവർഷത്തിൽ ലക്ഷ്യമിട്ടിരുന്ന നികുതി-നികുതിയിതര വരുമാനം എത്രയായിരുന്നുവെന്നും പ്രസ്തുത സാമ്പത്തികവർഷങ്ങളിൽ സമാഹരിക്കാൻ കഴിഞ്ഞിട്ടുള്ള തുക എത്രയായിരുന്നുവെന്നും വെളിപ്പെടുത്തുമോ;

(ഡി) ആ നികുതി-നികുതിയിതര വരുമാനം കുറയ്ക്കുവാനുണ്ടായ കാരണം വ്യക്തമാക്കുമോ;

(ഇ) നികുതി-നികുതിയിതര വരുമാനം വർദ്ധിപ്പിക്കാൻ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) :

(എ) കഴിഞ്ഞ സാമ്പത്തികവർഷത്തിൽ ബജറ്റ് എസ്റ്റിമേറ്റ് അനുസരിച്ച് 6701.07 കോടി രൂപയാണ് ലക്ഷ്യമിട്ടിരുന്നത്. പുതുക്കിയ എസ്റ്റിമേറ്റ് അനുസരിച്ച് 6253.26 കോടി രൂപയായി നിശ്ചയിച്ചു.

(ബി) നികുതി പിരിവിനെ സംബന്ധിച്ച അവസാന കണക്കുകൾ അക്കൗണ്ടന്റ് ജനറലിൽനിന്നും ലഭിച്ചിട്ടില്ല.

(സി) (രൂപ കോടിയിൽ)

	ലക്ഷ്യമിട്ടിരുന്നത്		പിരിഞ്ഞുകിട്ടിയത്	
	1997-98	1998-99	1997-98	1998-99
നികുതി	5352.41	5645.60	5025.00	5211.36
നികുതിയിതരം	583.15	624.81	552.11	560.13

LIBRARY ARCHIVES Kerala Legislative Assembly